കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ -6.6.2008

**പത്രക്കുറിപ്പ്:**

# ചങ്ങമ്പുഴ
# അറുപതാം ചരമവാർഷികാചരണം
# തിരുവനന്തപുരത്ത്

**2008 ജൂൺ 17 ചൊവ്വാഴ്ച**

മലയാളിയുടെ എക്കാലത്തെയും പ്രിയങ്കരനായ കവി ചങ്ങമ്പുഴയുടെ അറുപതാം ചരമവാർഷികത്തോടനുബന്ധിച്ച് കേരള സാഹിത്യ അക്കാദമിയുടെയും വൈലോപ്പിള്ളി സംസ്കൃതിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ 2008 ജൂൺ 17 ചൊവ്വാഴ്ച അനുസ്മരണവും കവിസമ്മേളനവും തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിക്കുന്നു.

17 ന് ഉച്ചതിരിഞ്ഞ് 3 ന് വൈലോപ്പിള്ളി സംസ്കൃതിഭവനിൽ ഡി.വിനയചന്ദ്രൻ, വി.മധുസൂദനൻനായർ, ഏഴാച്ചേരി രാമചന്ദ്രൻ, കുരീപ്പുഴ ശ്രീകുമാർ, നീലംപേരൂർ മധുസൂദനൻനായർ, മുരുകൻ കാട്ടാക്കട തുടങ്ങിയ പ്രശസ്ത കവികൾ പങ്കെടുക്കുന്ന കവിസമ്മേളനവും ബഹു. സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി, ഒ.എൻ.വി.കുറുപ്പ്, സുഗതകുമാരി, ഭരത് മുരളി, ശ്രീകുമാരൻതമ്പി, പിരപ്പൻകോട് മുരളി, പ്രഭാവർമ്മ, ലളിതാ ലെനിൻ, ടി.രാധാമണി തുടങ്ങിയവർ പങ്കെടുക്കുന്ന അനുസ്മരണസമ്മേളനവും നടക്കും.

പരിപാടിയുടെ വിജയത്തിനായി തിരുവനന്തപുരത്ത് ചേർന്ന സ്വാഗതസംഘം രൂപീകരണത്തിൽ പ്രൊഫ.വി.എൻ.മുരളി ചെയർമാനും പ്രൊഫ. എം.പി.ലളിതാഭായി ജനറൽ കൺവീനറുമായി 101 പേരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത യോഗത്തിൽ സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി, ചങ്ങമ്പുഴ അനുസ്മരണത്തിന്റെ രൂപരേഖ വിശദീകരിച്ചു.

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി

പ്രിയ ന്യൂസ് എഡിറ്റർ,
ഈ വാർത്ത സംസ്ഥാന പ്രാധാന്യത്തോടെ
പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.